ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:17.08.2026**

## പ്രധാനവാർത്തകൾ

1. ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന പന്ത്രണ്ടാമത് ബ്രിക്സ് പരിസ്ഥിതി മന്ത്രിമാരുടെ യോഗം നാളെ ന്യൂഡൽഹിയിൽ.
2. വിഴിഞ്ഞം തുറമുഖത്ത് സമ്പൂർണ കയറ്റുമതി-ഇറക്കുമതി പ്രവർത്തനങ്ങൾ നാളെ ആരംഭിക്കും. ആദ്യ കയറ്റുമതി കണ്ടെയ്നർ മുഖ്യമന്ത്രി വി.ഡി. സതീശൻ ഫ്ലാഗ് ഓഫ് ചെയ്യും. കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയാകും.
3. ഓണക്കാലത്തോടനുബന്ധിച്ച് സംസ്ഥാനത്ത് ശക്തമായ സുരക്ഷാ പരിശോധനകൾ ഉറപ്പുവരുത്തുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല.
4. 16 കോച്ചുകളുമായുള്ള ബെംഗളൂരു–എറണാകുളം വന്ദേഭാരത് ട്രെയിൻ സർവീസ് ഇന്ന് മുതൽ. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി എറണാകുളത്ത് ഫ്ലാഗ് ഓഫ് ചെയ്യും.
5. ഇന്ന് ചിങ്ങം ഒന്ന്. ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും പൊന്നോണക്കാലത്തിന് തുടക്കമായി. ഓണത്തെ വരവേൽക്കാനൊരുങ്ങി കേരളക്കര.
6. FIH ഹോക്കി ലോകകപ്പ് ,പൂൾ ഡിയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യൻ പുരുഷ ടീം ഇന്ന് ഇംഗ്ലണ്ടിനെ നേരിടും.

RNU TVPM

## ബ്രിക്സ്

പന്ത്രണ്ടാമത് ബ്രിക്സ് പരിസ്ഥിതി മന്ത്രിമാരുടെ യോഗം നാളെ ന്യൂഡൽഹിയിൽ നടക്കും. കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ് യോഗത്തിൽ അധ്യക്ഷത വഹിക്കും. ഇതിന് മുന്നോടിയായി പരിസ്ഥിതി പ്രവർത്തക സമിതിയുടെയും കാലാവസ്ഥാ വ്യതിയാനവും സുസ്ഥിര വികസനവും സംബന്ധിച്ച സമ്പർക്ക സമിതിയുടെയും മുതിർന്ന ഉദ്യോഗസ്ഥരുടെ യോഗം ഇന്ന് ചേരുന്നുണ്ട്.

***********************

## വിഴിഞ്ഞം

രാജ്യത്തെ ഏറ്റവും സുപ്രധാന വാണിജ്യ കവാടമായി വിഴിഞ്ഞം തുറമുഖം മാറുന്നതിന് ഔദ്യാഗിക തുടക്കം കുറിച്ച്, സമ്പൂർണ്ണ കയറ്റുമതി-ഇറക്കുമതി പ്രവർത്തനങ്ങൾക്ക് നാളെ തുടക്കമാകും. മുഖ്യമന്തി വി.ഡി. സതീശൻ ആദ്യ കയറ്റുമതി കണ്ടെയ്നർ ഫ്ലാഗ് ഓഫ് ചെയ്യും. കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയാകും. തുറമുഖാധിഷ്ഠിത വ്യവസായ-ലോജിസ്റ്റിക്സ് വികസന പദ്ധതിയായ 'മിഷൻ സമുദ്ര'യും സംസ്ഥാന സർക്കാർ ചടങ്ങിൽ പ്രഖ്യാപിക്കും.

***********************

## രമേശ് ചെന്നിത്തല

ഓണക്കാലത്തോടനുബന്ധിച്ച് സംസ്ഥാനത്ത് ശക്തമായ സുരക്ഷാ പരിശോധനകൾ ഉറപ്പുവരുത്തുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. 'തൂഫാൻ' പദ്ധതിയുടെ നിർവഹണത്തിൽ വീഴ്ച വരുത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് യാതൊരുവിധ ആശയക്കുഴപ്പങ്ങളും നിലവിലില്ലെന്നും ശ്രീ ചെന്നിത്തല അറിയിച്ചു.

***********************

## വന്ദേഭാരത് എക്സ്പ്രസ്സ്

കേരളത്തിൽ 16 കോച്ചുകളുമായി വന്ദേഭാരത് ട്രെയിൻ സർവീസ് ഇന്ന് മുതൽ ആരംഭിക്കും. ബെംഗളൂരു–എറണാകുളം വന്ദേഭാരത് രാവിലെ 5.10ന് പുറപ്പെട്ട് ഉച്ചയ്ക്ക് 1.50ന് എറണാകുളത്ത് എത്തും. തിരികെയുള്ള സർവീസ് ഉച്ചയ്ക്ക് 2.20ന് പുറപ്പെട്ട് രാത്രി 11ന് ബെംഗളൂരുവിലെത്തും. നിലവിൽ എട്ടു കോച്ചുകളുമായിട്ടാണ് വന്ദേഭാരത് സർവീസ് നടത്തുന്നത്.

RNU TVPM

************************

## ഓണം

ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും പൊന്നോണക്കാലത്തിന് തുടക്കം കുറിച്ച് ഇന്ന് ചിങ്ങം ഒന്ന്. ഓരോ മലയാളിക്കും പുതുവർഷപ്പിറവിയാണ് പൊന്നിൻ ചിങ്ങം. കൊല്ലവർഷത്തിലെ ആദ്യ മാസമായ ചിങ്ങത്തിലെ ആദ്യ ദിനം കേരളത്തിന് കർഷക ദിനം കൂടിയാണ്. ഓണ വിപണികൾ സജീവമാകുന്നതോടെ ഓണത്തെ ആഘോഷപൂർവം എതിരേൽക്കാനുള്ള ഒരുക്കത്തിലാണ് നാട്.

************************

## മുഖ്യമന്ത്രി (ഇൻട്രോ)

കർഷകർക്ക് പൂർണ പിന്തുണനല്ലുകയാണ് സർക്കാരിന്റെ പ്രഖ്യാപിത നയമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. സംസ്ഥാന കർഷക ദിനാഘോഷവും കർഷക അവാർഡ് വിതരണവും എറണാകുളത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഭൂനിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുമെന്നും ഭൂപരിഷ്കരണം രണ്ടാംഘട്ടം ആരംഭിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയ്സ്......)**

കർഷകരെ വന്യജീവി ആക്രമണങ്ങളിൽ നിന്ന് രക്ഷിക്കാനുള്ള നടപടികളും അവരുടെ ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാനുള്ള അവസരങ്ങളും സർക്കാർ ഒരുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

RNUTVPM

************************

## വൃക്ഷത്തൈ നട്ടു

കർഷകദിനത്തിന്റെ ഭാഗമായി തിരുവനന്തപുരം നഗരസഭ അങ്കണത്തിൽ വൃക്ഷത്തൈ നട്ടു. കേന്ദ്രമന്ത്രി സുരേഷ് ഗോപിയുടെ സാന്നിധ്യത്തിൽ മേയർ വിവി രാജേഷാണ് വൃക്ഷത്തൈ നട്ടത്. നഗരസഭാ ജീവനക്കാർക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്തു.

************************

## പാലക്കാട് (ഇൻട്രോ)

കർഷകദിനത്തിൽ കർഷകർക്കായി നെൽവിത്തൊരുക്കാനുള്ള തീരുമാനവുമായി പാലക്കാട് ജില്ലയിലെ കണ്ണാടി പഞ്ചായത്ത്. 'കണ്ണാടി' എന്ന ബ്രാൻഡിലാണ് നെൽവിത്ത് തയ്യാറാക്കി കർഷകർക്ക് നൽകുക. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

(വോയ്സ്)

************************

## ഓണം - ബോണസ്

സംസ്ഥാന സർക്കാർ ജീവനക്കാർക്കും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഫുൾടൈം കണ്ടിജന്റ് ജീവനക്കാർക്കും മറ്റു വിഭാഗങ്ങളിലുള്ള ജീവനക്കാർക്കുമുള്ള ബോണസും പ്രത്യേക ഉത്സവബത്തയും അഡ്വാൻസും ഇന്ന് മുതൽ വിതരണം ചെയ്യും. 4,500 രൂപയാണ് ബോണസായി ലഭിക്കുക. ബോണസിന് അർഹതയില്ലാത്തവർക്ക് പ്രത്യേക ഉത്സവബത്തയായി 3,000 രൂപ ലഭിക്കും. സർവീസ് പെൻഷൻകാരുടെ പ്രത്യേക ഉത്സവ ബത്ത 1,250 രൂപയാണ്.

***********************

## ഓണം വാരാഘോഷം

ഓണം വാരാഘോഷത്തിനൊരുങ്ങി തലസ്ഥാന നഗരി. വാരാഘോഷത്തിൻറെ ഭാഗമായുള്ള ഫെസ്റ്റിവൽ ഓഫീസ് ഉദ്ഘാടനം നാളെ മന്ത്രി പി.സി വിഷ്ണുനാഥ് നിർവഹിക്കും. ഈ മാസം 24 മുതൽ 30 വരെ വൈവിധ്യമാർന്ന സാംസ്കാരിക പരിപാടികളാണ് നഗരത്തിൽ സംഘടിപ്പിക്കുക.

***********************

## ആകാശവാണി - സംഗീതകച്ചേരി

ഓണത്തോട് അനുബന്ധിച്ച് ആകാശവാണി തിരുവനന്തപുരം നിലയം ശ്രാവണ സംഗീതിക സംഗീത കച്ചേരി സംഘടിപ്പിച്ചു. തിരുവനന്തപുരം വിമൻസ് കോളേജിൽ സംഗീത വിഭാഗവുമായി ചേർന്നായിരുന്നു പരിപാടി. സംഗീത കച്ചേരിയുടെ ശബ്ദ ലേഖനം തിരുവോണ നാളിൽ രാത്രി ഒൻപതരയ്ക്ക് ആകാശവാണിയുടെ കേരള നിലയങ്ങൾ പ്രക്ഷേപണം ചെയ്യും.

***********************

## ശബരിമല (ഇൻട്രോ)

ചിങ്ങപ്പുലരിയിൽ ശബരിമല സന്നിധാനത്ത് വൻ ഭക്തജന തിരക്ക്. പമ്പാ മേൽശാന്തിമാർ,ശബരിമല ഉൾക്കഴകം എന്നിവരെ തെരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പും നടന്നു. ചിങ്ങമാസ പൂജ പൂർത്തിയാക്കി 21ന് നട അടച്ചാൽ ഓണ പൂജകൾക്കായി ഈമാസം 24 ന് നട വീണ്ടും തുറക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.**

(വോയ്സ്)

***********************

PNU TVPM

## ഹോക്കി

നെതർലാൻഡ്സിൽ നടക്കുന്ന FIH ഹോക്കി ലോകകപ്പ് ,പൂൾ ഡിയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യൻ പുരുഷ ടീം ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. ഇന്ത്യൻ സമയം വൈകുന്നേരം 6:30-നാണ് മത്സരം. പൂൾ ഡിയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ വെയിൽസിനെ പരാജയപ്പെടുത്തിയിരുന്നു.

***********************

## ക്രിക്കറ്റ്

ഇന്ത്യ-ശ്രീലങ്ക ടെസ്റ്റ് പരമ്പരയിലെ ഒന്നാം ഇന്നിഗ്സിൽ ശ്രീലങ്ക മറുപടി ബാറ്റിംഗ് ആരംഭിച്ചു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ശ്രീലങ്ക 5 വിക്കറ്റ് നഷ്ടത്തിൽ 99 റൺസ് നേടിയിട്ടുണ്ട്. ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് 462 റൺസിന് അവസാനിച്ചു. 167 റൺസ് നേടിയ ദേവ്ദത്ത് പടിക്കലിന്റെ മികച്ച പ്രകടനമാണ് ഇന്ത്യൻ ടീമിന് കരുത്തായത്. പരമ്പരയിലെ രണ്ടാമത്തെയും അവസാനത്തെയും ടെസ്റ്റ് ഞായറാഴ്ച കൊളംബോയിൽ ആരംഭിക്കും.

***********************

## സുരേഷ്ഗോപി -തിരുവനന്തപുരം

കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളെ ചേർത്തുപിടിക്കേണ്ട ഉത്തരവാദിത്തമുണ്ടെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി. ഇവർക്കായുള്ള തിരച്ചിൽ ഫലപ്രദമായ നടന്നതായും, സംസ്ഥാനത്തിന് ഇടപെടാൻ പരിമിതിയുള്ളിടത്ത് കേന്ദ്രം ഇടപെട്ടതായും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പ്രതികരിച്ചു .

RNU TVPM

***********************

## വിദ്യാർത്ഥിയുടെ മൃതദേഹം കണ്ടെത്തി

കഴിഞ്ഞദിവസം അടിയൊഴുക്കിൽപ്പെട്ട് കാണാതായ കരുനാഗപ്പള്ളി സ്വദേശി ഏഴാംക്ലാസ് വിദ്യാർത്ഥി ബിലാന്റെ മൃതദേഹം കണ്ടെത്തി. ചവറ വട്ടക്കായലിൽ നിന്നാണ് മൃതദേഹം കണ്ടെത്തിയത്. ശനിയാഴ്ച വൈകിട്ട് കന്നേറ്റി പാലത്തിന് താഴെ കായലിൽ കൂട്ടുകാരനൊപ്പം കുളിക്കാനിറങ്ങിയപ്പോഴായിരുന്നു അപകടം.

***********************

## വിള ഇൻഷുറൻസ് -അപേക്ഷ

സംസ്ഥാനത്ത് കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായത്തിനും വിള ഇൻഷുറൻസ്

നഷ്ടപരിഹാരത്തിനും അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി അടുത്ത മാസം 5 വരെ നീട്ടി. ഈ വർഷം ജൂലൈ 29 മുതൽ ആഗസ്റ്റ് 10 വരെ ഉണ്ടായ പ്രകൃതിക്ഷോഭങ്ങളിൽ കൃഷി നാശം സംഭവിച്ചവർക്കാണ് ഇതിനുള്ള അവസരം ലഭിക്കുക. AIMS പോർട്ടൽ വഴിയോ കൃഷിഭവനുമായി ബന്ധപ്പെട്ടോ അപേക്ഷ സമർപ്പിക്കണം

************************

## പാലക്കാട് - MDMA

പാലക്കാട് ലഹരി വസ്തുക്കളുമായി ദമ്പതികളും സുഹൃത്തും പിടിയിലായി. കാറിൽ ലഹരി കടത്താൻ ശ്രമിക്കുന്നതിനിടെയാണ് സംഘം ഡാൻസാഫിൻ്റെ പിടിയിലായത്.

************************

## ഓഹരി -സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 340 പോയിന്റ് നഷ്ടത്തിൽ 77,670 ലും,നിഫ്റ്റി 78 പോയിന്റ് നഷ്ടത്തിൽ 24,289 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണ വില കൂടി.പവന് 400 രൂപ വർധിച്ചു ഒരു ലക്ഷത്തി 14,160 രൂപയും, ഗ്രാമിന് 14,270 രൂപയുമാണ് ഇന്നത്തെ വില. ഈ മാസത്തെ ഏറ്റവും ഉയർന്ന നിരക്കാണിത്.

************************

*****************

************

RNU TVPM